# മാർത്തോമ്മാ യുവജനസഖ്യം

# യുവജന വാരം 2018

## ഒക്ടോബർ 14 മുതൽ 20 വരെ

## പ്രസ്താവന

പ്രിയ സുഹൃത്തേ,

യുവജനവാരത്തിലെ ഡെപ്യൂട്ടേഷൻ ദിനമായ ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച പള്ളിയിൽ ആരാധനാ മദ്ധ്യേ നടത്തേണ്ട പ്രസ്താവന ചുവടെ ചേർക്കുന്നു. സ്വയമായി പഠിച്ച് നോട്ടു കുറിച്ചോ, മുഴുവനായി വായിച്ചോ പ്രസ്താവന നടത്താവുന്നതാണ്. പ്രസ്താവനയിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ വിഷയങ്ങളും പ്രതിപാദിക്കുവാൻ ശ്രദ്ധിക്കണം. വചന ശുശ്രൂഷ നടത്തുവാൻ അനുവദിക്കുന്നപക്ഷം ശുശ്രൂഷയ്ക്കായി ഒരുങ്ങണം. പ്രസംഗക്കുറിപ്പ് ഇതോടൊപ്പം വയ്ക്കുന്നു. പ്രസ്താവനയും വചനശുശ്രൂഷയും പ്രാർത്ഥനയോടും ഒരുക്കത്തോടും കൂടെ നിർവ്വഹിക്കുന്നതിന് കർത്താവ് സഹായിക്കട്ടെ.

സ്നേഹപൂർവ്വം

15.09.2018

**റവ. ജോൺ മാത്യു സി.**
ജനറൽ സെക്രട്ടറി

1. 1933-ൽ സ്ഥാപിതമായ മാർത്തോമ്മാ യുവജനസഖ്യം മാർത്തോമ്മാ സഭയുടെ ഏറ്റവും ശക്തവും ചലനാത്മകവും അഭിമാനിക്കാവുന്നതുമായ യുവജനപ്രസ്ഥാനവുമാണ്.

a. മാർത്തോമ്മാ സഭയിലെ എല്ലാ യുവജനങ്ങളും യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവും ദൈവവുമായി സ്വീകരിക്കുന്നതിന് സഹായിക്കുകയും യേശുക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് സഖ്യത്തിന്റെ പ്രധാന ലക്ഷ്യം.

b. വിശ്വാസത്തിലധിഷ്ഠിതമായ ആരാധനാ ജീവിതത്തിലൂടെ സൃഷ്ടിയുടെ സമഗ്രതയിലേക്ക് വളരാനും, ഉൾച്ചേർന്നു നിൽക്കുന്ന സാമൂഹിക ജീവിതത്തിൽ സത്യം, നീതി, ധർമ്മം ഇവയിൽ അധിഷ്ഠിതമായി പ്രതികരിക്കുവാനും യുവജനങ്ങളെ പ്രാപ്തരാക്കുക, സത്യവേദപുസ്തകം, സഭയുടെ അടിസ്ഥാന വിശ്വാസം, ആരാധന, ആചാരം, അനുഷ്ഠാനം, സഭയുടെ ചരിത്രം എന്നിവയിൽ യുവജനങ്ങളിൽ അഭിരുചി വളർത്തുക, ധ്യാനാത്മക ജീവിതത്തിലൂടെയും വേദപഠനത്തിലൂടെയും പാരമ്പര്യങ്ങളേയും ചരിത്രത്തെയും ഉൾക്കൊണ്ട് സഭാ വിശ്വാസത്തിൽ പ്രബലപ്പെടുത്തുക, പ്രാദേശിക ഇടവകയിലെ സജീവ പങ്കാളിത്തത്തിലൂടെ സഭയുടെ ദൗത്യ നിർവ്വഹണത്തിൽ പങ്കുചേരുന്നതിന് സജ്ജരാക്കുക, ഇതര സഭകളോടും മറ്റ് യുവജന പ്രസ്ഥാനങ്ങളുമായും യോജിച്ച് എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുക, രാഷ്ട്ര പുന:നിർമ്മാണത്തിൽ മറ്റ് വിശ്വാസ സമൂഹങ്ങളുമായും ദർശനങ്ങളുമായുള്ള സംവാദത്തിലൂടെ ആശയസമന്വയവും സഹവർത്തിത്വവും ഉറപ്പുവരുത്തുക എന്നിവ സഖ്യത്തിന്റെ ഉദ്ദേശ്യങ്ങളാണ്. ആരാധന, പഠനം, സാക്ഷ്യം സേവനം എന്നിവ സഖ്യത്തിന്റെ മുഖമുദ്രയാണ്.

2. സഖ്യത്തിന്റെ പ്രവർത്തനങ്ങൾ സഭയുടെ എല്ലാ ഭദ്രാസനങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു. 774 ശാഖകൾക്ക് ഈ വർഷം കേന്ദ്രത്തിന്റെ രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.

3. **സബ് കമ്മിറ്റികൾ:** സ്റ്റഡി ഫോറം, വനിതാ ഫോറം, എക്യുമെനിക്കൽ ആക്ഷൻഫോറം, മിഷൻ & ഇവാഞ്ചലിസം, പ്രതിഭാവേദി, ദലിത് കൺസേൺ, സ്പോർട്സ് & ഗെയിംസ്, മിഷൻ ടു സ്കൂൾസ് & കോളേജസ് & ഡി-അഡിക്ഷൻ & സോഷ്യൽ അവെയർനെസ്സ്, സ്വരലയം, കരിയർ ഗൈഡൻസ് & പ്ലെയ്സ്മെന്റ് സെൽ, തുടങ്ങിയ സബ്കമ്മറ്റികളിലൂടെ ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

4. സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സൊസൈറ്റി ഫോർ ഡവലപ്മെന്റ് ആക്ഷൻസ് (MYSDA) എന്ന പേരിൽ രജിസ്റ്റേർഡ് സൊസൈറ്റി പ്രവർത്തിക്കുന്നു. ഭവന നിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, ചികിത്സ, സ്വയം തൊഴിൽ സഹായ പദ്ധതികൾ, വികസന സെമിനാറുകൾ, ദുരിതാശ്വാസ-പുനരധിവാസ പദ്ധതികൾ, കൃഷി, വിവിധ ബോധവത്ക്കരണ പരിപാടികൾ എന്നിവ മിസ്ഡായിലൂടെ നടപ്പാക്കി വരുന്നു.

5. **സഖ്യം പരിപാടികൾ :** വേദപുസ്തകം, സഭാചരിത്രം, കൗൺസിലിംഗ്, സാമൂഹ്യപ്രശ്നങ്ങൾ എന്നിവയിൽ അഭിരുചി വളർത്തുന്നതിനായി യുവജനസഖ്യവും വൈദിക സെമിനാരിയും സംയുക്തമായി സംഘടിപ്പിക്കുന്ന ദശദിന ഇന്റൻസീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ITI), ഇടവകകളിൽ വാരാന്ത്യ പരിപാടി, 50 ദിവസത്തെ നോമ്പ് ധ്യാനപരിപാടിയായ സുകൃത സഞ്ചാരം, ധ്യാന സമ്മേളനങ്ങൾ, വസന്തോത്സവം - Teenager's Camp,കഥാ-കവിതാ -ലേഖന -കൈയ്യെഴുത്തു പതിപ്പ് മത്സരങ്ങൾ, ദേശീയ അന്തർദ്ദേശീയ ക്യാമ്പുകളിൽ പങ്കാളിത്തം, മാരാമൺ കൺവൻഷനിലെ യുവവേദി, സഭാബുക്ക് ഡിപ്പോ, കൺവൻഷൻ സി. ഡി. വിതരണം, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ പരിപാടികൾ, എന്നിവ കൂടാതെ അടൂർ യൂത്ത് സെന്ററിൽ ഹ്രസ്വകാല ദൈവശാസ്ത്ര പരിശീലന പരിപാടിയായ (ITP)-യും സഖ്യത്തിന്റെ ചുമതലയിൽ നടത്തുന്നു.

6. ഔദ്യോഗിക ഭാരവാഹികളുൾപ്പെടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നുമുള്ള 54- അംഗ ജനറൽ കമ്മിറ്റി സഖ്യം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ജനറൽ സെക്രട്ടറി, 2 അസി. സെക്രട്ടറിമാർ എന്നിവരുൾപ്പെടെ സഖ്യം ആഫീസിലും യൂത്ത് സെന്ററിലും ബാഹ്യകേരളത്തിലുമായി 10 പൂർണ്ണസമയ പ്രർത്തകരാണുള്ളത്.

7. മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ഒരഭിമാന സംരംഭമാണ് അടൂർ മാർത്തോമ്മാ യൂത്ത് സെന്റർ. മദ്ധ്യ തിരുവിതാംകൂറിലെ ശ്രദ്ധേയവും പ്രശസ്തവുമായ ക്യാമ്പ് സെന്ററുകളിൽ ഒന്നായ യൂത്ത് സെന്റർ യുവജന

സഖ്യം ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിലെ പരിപാടികൾക്കും, വിവിധ മത-രാഷ്ട്രീയ-സാംസ്കാരിക-അന്താരാഷ്ട്ര സമ്മേളനങ്ങൾക്കും വേദിയായിക്കൊണ്ടിരിക്കുന്നു. ആധുനിക സൗകര്യങ്ങളോടെ ക്രമീകരിച്ചിരിക്കുന്ന 1000 പേർക്ക് ഇരിക്കാവുന്ന ആഡിറ്റോറിയവും 100 പേർക്ക് ഇരിക്കാവുന്ന മിനി കോൺഫറൻസ് ഹാളും 600 പേർക്ക് താമസസൗകര്യവും ലഭ്യമാണ്. സഖ്യം പ്ലാറ്റിനം ജൂബിലി സ്മാരകമായി യൂത്ത് സെന്റർ ക്യാമ്പസിൽ പണിതീർത്തിരിക്കുന്ന മനോഹരമായ ചാപ്പൽ ധ്യാനത്തിനും ആരാധനയ്ക്കും വളരെയേറെ സഹായകരമാണ്. സഖ്യം ശാഖ, സെന്റർ, ഭദ്രാസന ക്യാമ്പുകൾ, ഇടവകയുടേയും സൺഡേസ്കൂൾ, സേവികാസംഘം തുടങ്ങിയ വിവിധ സംഘടനകളുടേയും വിവിധ കോൺഫ്രൻസുകൾ, ധ്യാനപരിപാടികൾ എന്നിവ നടത്തുന്നതിന് ഏറ്റവും അനുയോജ്യമായ ഇടമാണ് യൂത്ത് സെന്റർ. സഖ്യത്തിന്റെയും സൺഡേസ്കൂളിന്റെയും പരിപാടികൾക്ക് 25 ശതമാനം കൺസഷനും ലഭിക്കുന്നതാണ്.

8. ബാഹ്യകേരള ഭദ്രാസനങ്ങളിലെ യുവജനസഖ്യം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബാംഗ്ലൂർ കേന്ദ്രമാക്കി യുവജനസഖ്യം ആഫീസും യൂത്ത് സെന്ററും പ്രവർത്തിക്കുന്നു. കന്നട ഭാഷയിൽ കലണ്ടർ പ്രസിദ്ധീകരിക്കുന്നു. യൂത്ത് സെന്ററിൽ ക്യാമ്പുകൾ, കോൺഫറൻസുകൾ, എന്നിവ നടത്തുന്നതിനുള്ള സൗകര്യം, ചാപ്പൽ, ലൈബ്രറി തുടങ്ങിയ സംവിധാനങ്ങളും താമസത്തിനുള്ള മുറികളും ക്രമീകരിച്ചിരിക്കുന്നു. അസി. സെക്രട്ടറി റവ. ടോം ജോൺ കുടുബമായി യൂത്ത് സെന്ററിൽ താമസിച്ച് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

9. സഖ്യത്തിന് രണ്ടു പ്രസിദ്ധീകരണങ്ങളാണുള്ളത്. **മാർത്തോമ്മാ യുവദീപം & Ripples.** രണ്ട് മാസികകളും എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു. ഈടുറ്റ ലേഖനങ്ങൾ, കഥകൾ, കവിതകൾ, വേദപഠനം, സമകാലിക വീക്ഷണം എന്നിത്യാദി സർഗ്ഗ സൃഷ്ടികൾകൊണ്ട് സമ്പന്നമാണ് യുവദീപം. മാർത്തോമ്മാ സഭയിൽ തന്നെ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീരിക്കുന്ന ഏക മാസികയാണ് റിപ്പിൾസ്. കവിതകൾ, കഥകൾ, ധ്യാനചിന്തകൾ, ലേഖനങ്ങൾ, വിജ്ഞാനപ്രദങ്ങളായി ഇതര പംക്തികൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യുവദീപം വാർഷിക വരിസംഖ്യ 100 രൂപയും, യുവദീപം സുഹൃത്ത് പദ്ധതി 250 രൂപയും (3 വർഷത്തേക്ക്) ആയുഷ്കാല വരിസംഖ്യ 1000 രൂപയുമാണ്. റിപ്പിൾസ് വാർഷിക വരിസംഖ്യ 150 രൂപയും റിപ്പിൾസ് സുഹൃത്ത് 300 രൂപയും (3 വർഷത്തേക്ക്) ആയുഷ്കാല വരിസംഖ്യ 1000 രൂപയുമാണ്. യുവദീപം, റിപ്പിൾസ് എന്നിവയുടെ വരിക്കാ രായി ചേരുന്നതിന് ഏവരും ശ്രമിക്കണമേ.

10. യുവജനവാരത്തിൽ പ്രത്യേക പഠനത്തിനും ധ്യാനത്തിനുമായി തെരഞ്ഞെടുത്തിരിക്കുന്ന ചിന്താവിഷയം ***അർത്ഥവും സ്വത്വവും തേടുന്ന യുവത്വം*** **'*(Youth : In Serch of Meaning and Identity*')** എന്നതാണ്. പ്രസ്തുത വിഷയം ആസ്പദമാക്കി ക്ലാസ്സുകളും സമ്മേളനങ്ങളും ക്രമീകരിച്ച് പഠനത്തിനും ചർച്ചകൾക്കും വേദി ഒരുക്കണം.

11. മാർത്തോമ്മാ യുവജനസഖ്യത്തിന്റെ 80-ാം വർഷാഘോഷ പരിപാടികളുടെ ഭാഗമായി ആരംഭിച്ച സ്വപ്നപദ്ധതിയാണ് 'സഖ്യം ഗ്രാമം' **(കടപ്പ മിഷൻ)**. ആന്ധ്രാപ്രദേശിലെ കടപ്പയിൽ വൊണ്ടിമിറ്റ ഗ്രാമത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു. അവിടെ ആരംഭിച്ചിട്ടുള്ള സെന്റ് തോമസ് സ്കൂൾ വളർച്ചയുടെ പാതയിലാണ്. സ്കൂളിന്റെ വികസനത്തിനും മിഷന്റെ മുന്നോട്ടുള്ള വികസനത്തിനും എല്ലാ സഖ്യം പ്രവർത്തകരുടെയും സഭാജനങ്ങളുടേയും അകമഴിഞ്ഞ പിന്തുണയും പ്രാർത്ഥനയും പ്രോത്സാഹനവും സഹായവും ആവശ്യമാണ്. സഖ്യം ഗ്രാമത്തിനായുള്ള സംഭാവനകൾ യുവജനസഖ്യം ആഫീസിലേക്ക് *(ജനറൽ സെക്രട്ടറി, മാർത്തോമ്മാ യുവജനസഖ്യം, തിരുവല്ല-689 101 )* അയച്ചുതരുവാൻ ശ്രദ്ധിക്കണമേ.

12. യുവജനവാരത്തിൽ ഭവന സന്ദർശനം, ധ്യാനയോഗങ്ങൾ, യുവജനസമ്മേളനങ്ങൾ, എക്യുമെനിക്കൽ സമ്മേളനങ്ങൾ എന്നിവ ക്രമീകരിക്കുകയും മദ്യം, മയക്കുമരുന്ന്, പാൻമസാല തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, പരിസ്ഥിതി മലിനീകരണം എന്നീ സാമൂഹ്യ തിന്മകൾക്കെതിരേ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം. പരിസര ശുചീകരണം, വൃക്ഷത്തൈ നടീൽ തുടങ്ങി വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, സാമൂഹ്യ സേവന പരിപാടികൾ, എന്നിവ ക്രമീകരിക്കുവാൻ ശ്രദ്ധിക്കണം. പ്രകൃതിയിലേക്ക് തിരിയുക എന്ന സന്ദേശം പ്രാവർത്തികമാക്കുന്നതിനായി ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമിക്കണം.

12. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ദുരിതത്തിലാഴ്ത്തിയ മഹാപ്രളയത്തെയാണല്ലോ നാം അഭിമുഖീകരിച്ചത്. പ്രളയ ദിനങ്ങളിൽ ഭക്ഷണം, ഒരു ലക്ഷത്തിലധികം ഭക്ഷണപ്പൊതികളും തുടർന്ന് ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, കുടിവെള്ളം, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ അടങ്ങിയ ദുരിതാശ്വാസ കിറ്റുകളും യുവജനസഖ്യത്തിന്റെ നേതൃത്തിൽ വിവിധ മേഖലകളിൽ വിതരണം ചെയ്യുവാൻ സാധിച്ചു. വിവിധ സ്കൂളുകളിലായി മൂവായിരത്തിലധികം വിദ്യാഭ്യാസകിറ്റുകളും വിതരണം ചെയ്യുകയുണ്ടായി. ഈ പ്രവർത്തനങ്ങളിൽ സഹായിച്ച, സഹകരിച്ച ഏവരോടുമുള്ള കൃതജ്ഞത അകൈതവമാണ്. ദുരിതാശ്വാസ-പുനരധിവാസ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കായി ഏവരുടേയും സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

13. സഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് 1 കോടി 50 ലക്ഷത്തിൽപ്പരം രൂപ ആവശ്യമായിരിക്കുന്നു. മുഖ്യവരുമാനമായ യുവജന ഞായർ സ്തോത്രകാഴ്ചയിൽ ഏവരും ഉദാരമായി ദാനങ്ങൾ അർപ്പിക്കണം. **സ്തോത്രകാഴ്ച ശേഖരിക്കുന്നതിനായി ഈ വർഷം മുതൽ വീണ്ടും പ്രത്യേക കവർ നൽകുന്നതാണ്. ഒക്ടോബർ 21 ഞായറാഴ്ച കവറിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ച മുഴുവനും താമസം കൂടാതെ സഖ്യം ആഫീസിലേക്ക് അയച്ചു തരണം.** കഴിഞ്ഞ വർഷം ഈ ഇടവകയിൽ നിന്നും ......................രൂപ സ്തോത്രകാഴ്ച ലഭിച്ചു/ ലഭിച്ചില്ല എന്നത് പത്യേകം അനുസ്മരിക്കുന്നു. സഖ്യം പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ നിർമ്മിതിയിൽ പങ്കുചേർന്ന് ഉത്തമ സാക്ഷ്യം നിർവ്വഹിക്കുവാൻ നമുക്ക് യത്നിക്കാം. യുവജനസഖ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി ഏവരുടേയും നിരന്തരമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

14. യുവജനസഖ്യത്തിന്റെ ഇതഃപര്യന്തമുള്ള വളർച്ചയിൽ ആത്മാർത്ഥമായ നേതൃത്വവും സഹകരണവും നൽകിയ ഏവരേയും നന്ദിയോടെ സ്മരിക്കുന്നു.